## വ്യവസായ വകപ്പിലെ ഉയർന്ന തസ്തികകളിലെ പ്രൊമോഷനുകൾ

163(2364) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ വ്യവസായ വകുപ്പിലെ ഉയർന്ന തസ്തികകൾ ഒഴിഞ്ഞു കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) DPC (Higher) കൂടുവാൻ എന്ത് തടസ്സമാണ് നിലനിൽക്കുന്നത് എന്ന് വിശദമാക്കാമോ;

(സി) ഉയർന്ന തസ്തികകളിൽ പ്രൊമോഷനുകൾ യഥാസമയം നടക്കാത്തതിനാൽ വകുപ്പിന്റെ പ്രവർത്തനങ്ങളിൽ തടസ്സം നേരിടുന്നകാര്യം അറിവുണ്ടോ;

(ഡി) തടസ്സം നീക്കി മേൽപ്പറഞ്ഞ തസ്തികകളിൽ എന്നത്തേയ്ക്ക് പ്രൊമോഷൻ നൽകി നിയമിക്കാനാകും എന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്. ജോയിന്റ് ഡയറക്ടർ/ജനറൽ മാനേജർ, മാനേജർ/ഡെപ്യൂട്ടി ഡയറക്ടർ, ഡെപ്യൂട്ടി രജിസ്ട്രാർ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് എന്നീ തസ്തികകളിലായി 2 ഒഴിവുകൾ വീതം നിലവിലുണ്ട്.

(ബി) ഡെപ്യൂട്ടി രജിസ്ട്രാർ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിന് അഡ്ഹോക് ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റി (ഹയർ) വിളിച്ചുചേർത്ത് സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിന് വ്യവസായ വാണിജ്യ ഡയറക്ടർ സമർപ്പിച്ച കരട് കുറിപ്പുകളിൽ ന്യൂനതകൾ കണ്ടെത്തിയതിനെത്തുടർന്ന് ഭേദഗതികൾ വരുത്തി നൽകുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാനേജർ/ഡെപ്യൂട്ടി ഡയറക്ടർ തസ്തികയുടെ ഫീഡർ കാറ്റഗറിയായ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയുടെയും ജോയിന്റ് ഡയറക്ടർ/ജനറൽ മാനേജർ തസ്തികയുടെ ഫീഡർ കാറ്റഗറിയായ മാനേജർ/ഡെപ്യൂട്ടി ഡയറക്ടർ തസ്തികയുടെയും സീനിയോറിറ്റി ലിസ്റ്റുകൾ പുനഃപരിശോധിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഇതു പൂർത്തിയാവുന്നമുറയ്ക്ക് ജോയിന്റ് ഡയറക്ടർ/ജനറൽ മാനേജർ, മാനേജർ/ഡെപ്യൂട്ടി ഡയറക്ടർ തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിനായി ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റി (ഹയർ) കൂടുന്നതാണ്.

(സി) ഒഴിവുള്ള ഉയർന്ന തസ്തികകളിൽ സീനിയർമാരായ തൊട്ട് താഴെയുള്ള ഉദ്യോഗസ്ഥർക്ക് ചുമതല നൽകാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അസിസ്റ്റന്റ് ഡയറക്ടർ, മാനേജർ/ഡെപ്യൂട്ടി ഡയറക്ടർ തസ്തികകളിലെ സീനിയോരിറ്റിയുമായി ബന്ധപ്പെട്ട തർക്കങ്ങൾ പരിഹരിച്ച് ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റി (ഹയർ) യോഗം ചേർന്ന് ജോയിന്റ് ഡയറക്ടർ/ജനറൽ മാനേജർ, മാനേജർ/ഡെപ്യൂട്ടി ഡയറക്ടർ തസ്തികകളുടെ സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഒഴിവുകൾ എത്രയും പെട്ടെന്ന് നികത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## വ്യവസായ സ്ഥാപനങ്ങൾ

164(2365) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആരംഭിച്ച പബ്ലിക് ലിമിറ്റഡ് സ്ഥാപനങ്ങൾ, സ്വകാര്യസ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഏതെല്ലാം പ്രവർത്തനം ആരംഭിച്ചു;

(ബി) പ്രസ്തുത കമ്പനികളുടെ മൊത്തം മൂലധന നിക്ഷേപം എത്രയാണ്; പബ്ലിക് ലിമിറ്റഡ്, സ്വകാര്യ, പൊതുമേഖലാ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിലൂടെ പുതുതായി എത്ര തൊഴിൽ അവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ വന്നതിന് ശേഷം അടച്ചു പൂട്ടിയിട്ടുള്ള പബ്ലിക് ലിമിറ്റഡ്, സ്വകാര്യ, പൊതുമേഖല സ്ഥാപനങ്ങളുടെ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഇ) ഇതിലൂടെ എത്ര തൊഴിലാളികൾക്ക് തൊഴിൽ നഷ്ടമായെന്നാണ് കണ്ടെത്തിയിട്ടുള്ളത്?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്. ഐ.ഡി.സി.യുടെ ധനസഹായത്തോടെ ആരംഭിച്ച പബ്ലിക് ലിമിറ്റഡ് സ്ഥാപനങ്ങൾ സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയുടെ ജില്ലതിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു*. ബാക്കിയുള്ളവയുടെ വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ബി) കെ.എസ്.ഐ.ഡി.സി.യുടെ ധനസഹായത്തോടെ ആരംഭിച്ച കമ്പനികളുടെ മൂലധന നിക്ഷേപം 26,780.60 ലക്ഷം രൂപയാണ്. ഇതിൽ സ്വകാര്യ മേഖല- 73,994.60 ലക്ഷം, പൊതുമേഖല - 1,172 ലക്ഷം, പബ്ലിക് ലിമിറ്റഡ് -6,946 ലക്ഷം എന്നിങ്ങനെയാണ് മൂലധന നിക്ഷേപം. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ നിന്നുള്ള വിവരം ശേഖരിച്ചുനൽകുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly